# ജമാഅത്തെ ഇസ്‌ലാമി ദുരിതാശ്വാസ രംഗത്ത്

**എം.എസ്.എ. റസാഖ്**

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ പ്രബോധനപ്രവർത്തനങ്ങളിൽ ഒതുങ്ങിനിൽക്കുന്നതല്ല. മനുഷ്യന്റെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും നേരെ യാഥാർഥ്യബോധത്തിലധിഷ്ഠിതമായ ഒരു സമീപനം എന്നുമത് കൈക്കൊണ്ടിട്ടുണ്ട്. ജനങ്ങളുടെ ദുരിതമകറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ജമാഅത്തിന്റെ എല്ലാ ചതുർവർഷ പരിപാടികളിലും അർഹമായ സ്ഥാനവും പ്രാധാന്യവും ലഭിച്ചിട്ടുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഈ മാനുഷിക മുഖം ഏറെപ്പേർക്കും പരിചിതമല്ലെങ്കിൽ അതിനുകാരണം കൊട്ടിഘോഷിക്കലിനോടുള്ള പ്രസ്ഥാനത്തിന്റെ പരാങ്മുഖതയായിരിക്കാനേ ഇടയുള്ളൂ. ജമാഅത്തിന്റെ പതിവു പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന ജനസേവന പ്രവർത്തനങ്ങൾ ഒട്ടേറെയാണ്. സകാത്ത്, ഫിത്വർ സകാത്ത്, സദഖ, ബലിമാംസ വിതരണം പലിശരഹിത വായ്പാനിധികൾ, രോഗചികിത്സ, ഭവനനിർമാണം, വിവാഹം, വിദ്യാഭ്യാസം, കടംവീട്ടൽ തുടങ്ങിയവക്കായുള്ള സഹായങ്ങൾ എന്നിങ്ങനെ ആവശ്യവും സന്ദർഭവുമനുസരിച്ച് അപ്പപ്പോൾ നടത്തപ്പെടുന്ന ഇത്തരം ജനസേവനപ്രവർത്തനങ്ങളെക്കുറിച്ചല്ല ഈ ലേഖനത്തിൽ പരാമർശിക്കുന്നത്. അടിയന്തരഘട്ടങ്ങളിൽ വൻതോതിൽ പണവും അധ്വാനവും ചെലവഴിച്ചു നടത്തപ്പെടുന്ന ആശ്വാസപ്രവർത്തനങ്ങളെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്. നമ്മുടെ രാജ്യത്ത് ഇത്തരം അടിയന്തരഘട്ടങ്ങൾ സൃഷ്ടിക്കുന്നതിൽ ഏറ്റവും വലിയ പങ്കു വഹിക്കുന്നത് വർഗീയ കലാപങ്ങളത്രെ. ഭാരതം സ്വാതന്ത്ര്യപ്പുലരിയെ വരവേറ്റത് തന്നെ ഉത്തരേന്ത്യയെ രക്തക്കളമാക്കിയ രൂക്ഷമായ വർഗീയ സംഘട്ടനങ്ങളുമായിട്ടായിരുന്നല്ലോ. അന്ന് മുതൽ ഇന്നുവരെ കലാപ പരമ്പര അറുതിയില്ലാതെ തുടരുകയാണ്. ആയിരക്കണക്കിന് കുടുംബങ്ങളാണ് വർഷം പ്രതി നിരാലംബരായിത്തീരുന്നത്. ഇത്തരം ഘട്ടങ്ങളിൽ കലാപബാധിത പ്രദേശങ്ങളിൽ ഓടിയെത്തി ആശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി മറ്റേതൊരു സംഘടനയെക്കാളും മുന്നിൽ എന്നുമുണ്ടായിട്ടുണ്ട്. വെള്ളപ്പൊക്കം, വരൾച്ച, ഭൂമികുലുക്കം, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ അവസരങ്ങളിൽ കെടുതിയനുഭവിക്കുന്ന ജനങ്ങളുടെ ദുരിതനിവാരണത്തിന് ജമാഅത്ത് പാഞ്ഞെത്തിയ ഉദാഹരണങ്ങളും നിരവധിയാണ്.

മുറാദാബാദ്, അഹ്മദാബാദ്, ഗുജറാത്ത്, ബോംബെ, ഭീവണ്ടി, ആസാം, ജംഷഡ്പൂർ, മീറത്ത്, ഭഗത്പൂർ, തലശ്ശേരി തുടങ്ങിയ നൂറുക്കണക്കിനു സ്ഥലങ്ങളിൽ വർഗീയകലാപങ്ങൾ മൂലം നിരാലംബരായിത്തീർന്ന മനുഷ്യമക്കളുടെ രക്ഷക്ക് ജമാഅത്ത് പ്രവർത്തകർ പാഞ്ഞെത്തുകയുണ്ടായി. അതുപോലെ ബീഹാറിലും ആന്ധ്രപ്രദേശിലും മറ്റുമുണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ നാഷനഷ്ടങ്ങൾക്കിരയായിവരുടെ സഹായത്തിനും ജമാഅത്ത് പ്രവർത്തകർ മുൻനിരയിൽ ഉണ്ടായിരുന്നു. ഇറാഖി അധിനിവേശത്തെ തുടർന്നു കുവൈത്തിൽനിന്ന് സകലതുമുപേക്ഷിച്ച് പലായനം ചെയ്യാൻ നിർബന്ധിതരായിത്തീർന്നവർക്ക് ബോംബെയിലും പാലക്കാട്-കോഴിക്കോട് റയിൽവെസ്റ്റേഷനുകളിലും കേരളത്തിലെ ജമാഅത്ത് പ്രവർത്തകർ നടത്തിയ ആശ്വാസപ്രവർത്തനങ്ങളും ഇവിടെ സ്മരണീയമാണ്.

**പാറ്റ്ന പരിശീലനക്കളരി**

വിഭജനക്കാലത്ത് ഉത്തരേന്ത്യയിലങ്ങോളമിങ്ങോളം ആഞ്ഞടിച്ചവർഗീയ കലാപങ്ങളെത്തുടർന്നു ബീഹാറിലെ പാറ്റ്നയിൽ ഏർപെടുത്തിയ റിലീഫ് ക്യാമ്പായിരുന്നു ദുരിതാശ്വാസ പ്രവർത്തനരംഗത്തെ ജമാഅത്തിന്റെ പ്രഥമ പരിശീലനക്കളരി. കലാപങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് ഈ ക്യാമ്പ് ജമാഅത്ത് നടത്തിയിരുന്നത്. അതുകൊണ്ടു തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങളോടൊപ്പം, കലാപകാരികളിൽനിന്ന് ജനങ്ങൾക്ക് സംരക്ഷണം നൽകുക, ന്യൂനപക്ഷമായ മുസ്‌ലിംകൾക്ക് ധൈര്യവും ആത്മവിശ്വാസവും പകരുക, സമുദായമൈത്രിയും സമാധാനാന്തരീക്ഷവും പുനഃസ്ഥാപിക്കാൻ ശ്രമിക്കുക തുടങ്ങിയ ഭാരമേറിയ ഉത്തരവാദിത്വങ്ങൾകൂടി നിർവഹിക്കേണ്ടതുണ്ടായിരുന്നു. റിലീഫ് പ്രവർത്തനങ്ങൾക്കിടയിൽ മതപരമായ വിവേചനം കാണിക്കരുതെന്നും, സഹായം അർഹിക്കുന്ന അമുസ്‌ലിംകൾക്ക് പരമാവധി സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നും ജമാഅത്ത് സ്ഥാപകനും അന്നത്തെ അമീറുമായ മൗലാനാ മൗദൂദി പ്രത്യേകം നിർദേശിച്ചിരുന്നു. പാറ്റ്നാ ക്യാമ്പിലെ അനുഭവവും പരിചയവും പിന്നീടുള്ള ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു വലിയ മുതൽകൂട്ടായി.

സ്വാതന്ത്ര്യലബ്ധിക്കുശേഷം എണ്ണമറ്റ കലാപങ്ങളെത്തുടർന്നു ചെറുതും വലുതുമായ നൂറുക്കണക്കിൽ റിലീഫ് പ്രവർത്തനങ്ങൾ ജമാഅത്തിനു നടത്തേണ്ടിവന്നിട്ടുണ്ട്. അവയെക്കുറിച്ചെല്ലാം ഇവിടെ വിവരിക്കുക പ്രയാസമാണ്. അതിനാൽ വളരെ പ്രധാനപ്പെട്ട ചിലതിനെക്കുറിച്ച് മാത്രം സംക്ഷിപ്തമായി വിവരിക്കാനാണുദ്ദേശിക്കുന്നത്.

**അഹ്മദാബാദ്**

1989 സപ്തമ്പറിൽ അഹമദാബാദിലുണ്ടായ കലാപത്തെ തുടർന്നു 10,21,744 രൂപ പണമായും 1.5 ലക്ഷം രൂപ സാധനങ്ങളായും ജമാഅത്ത് റിലീഫ് പ്രവർത്തനങ്ങളിൽ വിനിയോഗിക്കുകയുണ്ടായി. കലാപത്തിൽ ഭവനരഹിതരായവർക്കായി 137 ഭവനങ്ങൾ ഉൾകൊള്ളുന്ന ഒരു കോളനി തന്നെ "മില്ലത്ത് നഗർ കോളനി"യെന്ന പേരിൽ ജമാഅത്ത് സ്ഥാപിച്ചുകൊടുക്കുകയുണ്ടായി. 1971 ജനുവരിയിൽ ഈ കോളനിയുടെ താക്കോൽദാന കർമത്തിൽ അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ. ഹിതേന്ദ്ര ദേശായി, അന്ന് ഗുജറാത്ത് യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്ന ഉമാശങ്കർ ജോഷി തുടങ്ങിയ പല പ്രമുഖരും സംബന്ധിച്ചിരുന്നു. വിധവകളുടെയും രോഗികളുടെയും സംരക്ഷണം, 27 കേന്ദ്രങ്ങളിൽ കേടുപറ്റിയ ഭവനങ്ങളുടെയും പള്ളികളുടെയും പുനർനിർമാണം എന്നിവയും റിലീഫിന്റെ ഭാഗമായി ജമാഅത്ത് നടത്തുകയുണ്ടായി. കൂടാതെ തൊഴിൽ രഹിതർക്കു തൊഴിൽ ഏർപെടുത്തുക്കൊടുക്കുകയും കഷ്ടപ്പെടുന്ന വിദ്യാർഥികൾക്കു പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ജമാഅത്തെ ഇസ്‌ലാമി അന്ധ്രാ അമീർ ജനാബ് അബ്ദുറസ്സാഖ് ലത്വീഫിയാണ് റിലീഫ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്.

**ആസാം**

1983-ൽ ആസാമിലെ നാനൂറിൽപരം ഗ്രാമങ്ങളിൽ നാശംവിതച്ച ഭയാനകമായ കലാപത്തിന് ഇരയായവർക്ക് 38,75,105 രൂപയുടെ ദുരിദാശ്വാസപ്രവർത്തനങ്ങളാണ് ജമാഅത്ത് നടത്തിയിരുന്നത്. മൂന്നുവർഷം നീണ്ടുനിന്ന റിലീഫ് പ്രവർത്തനത്തിൽ ആസാമിലെ ജമാഅത്ത് പ്രവർത്തകർക്ക് പുറമെ ആന്ധ്ര, പശ്ചിമബംഗാൾ, കർണാടക, ഡൽഹി, യു.പി എന്നിവിടങ്ങളിൽ നിന്നുള്ള പ്രവർത്തകരും പങ്കെടുക്കുകയുണ്ടായി. അലീഗറിൽനിന്നും കൽകത്തയിൽ നിന്നുമുള്ള ജമാഅത്തുപ്രവർത്തകരായ ഡോക്ടർമാരും ഇതിൽ പെടും. പലരും

കലാപഭൂമിയിൽ മാസങ്ങളോളം താമസിച്ചാണ് ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കുകൊണ്ടത്. ആട്, പശു, കോഴി, താറാവ്, തയ്യൽ മെഷിൻ, നെയ്ത്തു തറി, കാർഷികോപകരണങ്ങൾ, കച്ചവടം തുടങ്ങുന്നതിനുള്ള സഹായം എന്നിവ നൽകി നിരാലംബരായ നിരവധി കുടുംബങ്ങൾക്ക് ജീവിതമാർഗം തുറന്നുകൊടുക്കാൻ ജമാഅത്ത് റിലീഫ് കമ്മിറ്റിക്ക് കഴിഞ്ഞു. ഇതിനു പുറമെ തൊഴിലറിയാത്തവർക്ക് തൊഴിൽ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യവും ഏർപെടുത്തുകയുണ്ടായി. അനാഥരും വിധവകളുമായിത്തീർന്ന 10 യുവതികളുടെ വിവാഹം നടത്തി. മുസ്‌ലിംകൾക്കു നേരെയുള്ള ഏകപക്ഷീയമായ കൂട്ടക്കൊലയാണ് ആസാമിൽ അരങ്ങേറിയിരുന്നത്. ചില പോക്കറ്റുകളിൽ ചില്ലറ തിരിച്ചടികൾ ഉണ്ടായില്ലെന്നല്ല. എന്നാൽ മുസ്‌ലിം അമുസ്‌ലിം ഭേദമില്ലാതെയായിരുന്നു ജമാഅത്തിന്റെ റിലീഫ്പ്രവർത്തനം. മാത്രമല്ല, ഇരു സമുദായങ്ങൾക്കുമിടയിൽ മൈത്രി പുനഃസ്ഥാപിക്കുന്നതിലും ജമാഅത്ത് റിലീഫ് സംഘം പ്രശംസാർഹമായ സേവനങ്ങൾ അനുഷ്ഠിക്കുകയുണ്ടായി. കലാപത്തിനു ശേഷം തിരിച്ചടി പേടിച്ച് പർവതത്തിനു മുകളിൽ അഭയം പ്രാപിച്ച ഗോൽപാർ ജില്ലയിലെ അമുസ്‌ലിം കുടുംബങ്ങളെ തിരിച്ചുകൊണ്ടുവന്നത് ജമാഅത്ത് പ്രവർത്തകരായിരുന്നു. പിന്നീട് റിലീഫ് വിതരണ സമയത്ത് വിവിധ സമുദായക്കാരായ 11 പേർ ആശംസാ പ്രസംഗം നടത്തുകയുണ്ടായി. ആ നേരം ഒരു പോലീസ് ഓഫീസർ പറഞ്ഞു: "ഇവരെ തിരിച്ചുകൊണ്ടുവരാൻ ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർ ഒരുപാട് ശ്രമിച്ചുനോക്കിയതാണ്. പക്ഷേ വിജയിച്ചില്ല. നിങ്ങളുടെ പക്കൽ എന്ത് മാന്ത്രിക വിദ്യയാണുള്ളത്."

അതേ സമയം റിലീഫ് പ്രവർത്തനങ്ങളുടെ മറവിൽ ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിംകളെ ആയുധ സജ്ജരാക്കുകയാണെന്ന ആരോപണം ആസാം അസംബ്ലിക്കകത്തുപോലും മുഴങ്ങുകയുണ്ടായെന്നത് ഒരു വിരോധാഭാസമാണ്. എങ്കിലും ഈ ആരോപണത്തിനെതിരെ അന്നു മുപടി പറഞ്ഞവരിൽ ഒരാൾ അന്നത്തെ ആസാം മുഖ്യമന്ത്രി ശ്രീ. ഹിതേശ്വർ സൈക്കിയ തന്നെ ആയിരുന്നു എന്നത് സന്തോഷകരമാണ്.

**ജംഷഡ്പൂർ**

1979-ലെ ജംഷഡ്പൂർ കലാപത്തെ തുടർന്ന് 9,62,568.90 രൂപയുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾ ജമാഅത്ത് നടത്തുകയുണ്ടായി. അമുസ്‌ലിംകളായ 16 പേർക്ക് കച്ചവടം പുനരാരംഭിക്കുന്നതിനു നൽകിയ സഹായവും 11 പേർക്ക് കടകളും 6 പേർക്ക് വീടുകൾ നിർമിച്ചുകൊടുത്തതും ഇതിൽ ഉൾപെടും. 12 പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുത്തതിനുപുറമെ 37 പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനുമുള്ള പണം നിക്ഷേപമായി സൂക്ഷിക്കുകയും ചെയ്തു. 19 കുട്ടികളുടെയും 8 പെൺകുട്ടികളുടെയും വിദ്യാഭ്യാസം പൂർണമായും റിലീഫ് കമ്മിറ്റി ഏറ്റെടുക്കുകയുണ്ടായി

**മീറത്ത്**

1987-ലാണ് മീറത്തിൽ കലാപം നടന്നത്. ഒരു വർഗീയ കലാപമെന്നതിലുപരി പി.എ.സി. എന്ന സുപ്രസിദ്ധ സായുധപോലീസ് മുസ്‌ലിംകൾക്കെതിരെ അഴിച്ചുവിട്ട മൃഗീയമായ കശാപ്പായിരുന്നു അത്. 350-ൽ പരമാളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. 500-ലധികം പേർക്ക് മാരകമായ മുറിവേറ്റു. ആയിരക്കണക്കിന് ബാലികാബാലന്മാർ അനാഥരാവുകയും നൂറുക്കണക്കിനു സ്ത്രീകൾ വിധവകളായിത്തീരുകയും ചെയ്തു. ഇവിടെ മൊത്തം 69,06,343 രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് ജമാഅത്ത് നിർവഹിച്ചത്. പശ്ചിമജർമനിയിൽനിന്ന് ചില സുഹൃത്തുക്കൾ റിലീഫ് കമ്മറ്റിക്ക് അയച്ചുകൊടുത്ത മരുന്നുകൾ കേന്ദ്ര ഗവൺമെന്റ് മീറത്തിലേക്ക് അയക്കാതെ തടഞ്ഞുവെച്ചത് ഈ ദുരിതാശ്വാസപ്രവർത്തനത്തിനിടയിലെ കയ്പേറിയ അനുഭവമായിരുന്നു. മീറത്ത് റിലീഫിൽ 64,709 ക അനാഥ പെൺകുട്ടികളുടെ വിവാഹത്തിന് വേണ്ടി ചെലവഴിക്കുകയുണ്ടായി. അതുപോലെ പ്രായമായിട്ടില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിന് വേണ്ടി 1,60,0000 ക ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്തു. ഇത് പോലെ വിധവകൾക്ക് 11,5000 ക റോക്കം നൽകിയതിനു പുറമെ 1,50,000 ക ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായി. നിയമ സഹായം, വൈദ്യസഹായം, ഭവനരഹിതരായവർക്ക് വീടുകൾ നിർമിച്ചു കൊടുക്കുക, തകർക്കപ്പെട്ട കടകളുടെയും വീടുകളുടെയും പുനർനിർമാണം, തൊഴിൽരഹിതർക്ക് തൊഴിൽ ഏർപെടുത്തിക്കൊടുക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ് ബാക്കിയുള്ള സംഖ്യകൾ ചെലവഴിച്ചത്.

**ഭഗൽപൂർ**

1989 ഒക്ടോബറിൽ ഇന്ത്യ പൊതുതെരഞ്ഞെടുപ്പിനെ നേരിടുന്ന അവസരത്തിലാണ് ഭഗത്പൂരിൽ കലാപം അരങ്ങേറിയത്. സ്വതന്ത്ര ഇന്ത്യ സാക്ഷ്യം വഹിച്ച ഏറ്റവും വലിയ കലാപങ്ങളിൽ ഒന്നായിരുന്നു അതെങ്കിലും തെരഞ്ഞെടുപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന് കണ്ട ചില മുസ്‌ലിം സംഘടനകൾ പോലും അത് മറച്ചുവെക്കാനാണ് ശ്രമിച്ചത്. കലാപവാർത്ത ധീരമായി പുറത്ത് വിട്ടതിന് കേരളത്തിൽ ജമാഅത്തിന് നേരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ ഇവിടെ സ്മരണീയമാണ്. ഭഗത്പൂരിൽ ജമാഅത്ത് നടത്തിക്കൊണ്ടിരുന്ന റിലീഫ് പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നു വരികയാണ്. 4,28,01,000 രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. തകർക്കപ്പെട്ട 50 കുടുംബങ്ങളുടെ പുനരധിവാസമാണ് ജമാഅത്ത് ഏറ്റെടുത്തിട്ടുള്ളത്. മൂന്നു കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടാണ് റിലീഫ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 100 അനാഥക്കുട്ടികളെ ജമാഅത്ത് ദത്തെടുത്തിട്ടുണ്ട്. കേരള ജമാഅത്ത് 10 ലക്ഷം രൂപ ജമാഅത്തെ ഇസ്‌ലാമി ഭഗത്പൂർ റിലീഫ് കമ്മറ്റിക്ക് അയച്ചുകൊടുക്കുകയുണ്ടായി.

**മറ്റു ചില റിലീഫ് പ്രവർത്തനങ്ങൾ**

1973-ൽ കർണാടകയിലെ ഗുൽബർഗ്, ബേദാർ ഫൈറോസാബാദ്, ബാദ്പേഠ്, ഹസ്നാപൂർ എന്നിവിടങ്ങളിലുണ്ടായ രൂക്ഷമായ ക്ഷാമത്തെ തുടർന്നു, ജമാഅത്തെ ഇസ്‌ലാമി കർണാടക ശാഖ വിപുലമായ റിലീഫ് പ്രവർത്തനം സംഘടിപ്പിക്കുകയുണ്ടായി. 1969-ൽ ബീഹാറിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ 3 ലക്ഷം രൂപയുടെയും 1980 ആഗസ്തിലെ മുറാദാബാദ് കലാപത്തെ തുടർന്നു ഒരു ലക്ഷം രൂപയുടെയും ദുരിദാശ്വാസ പ്രവർത്തനങ്ങൾ ജമാഅത്ത് നടത്തുകയുണ്ടായി. 1977-ൽ ആന്ധ്രാതീരങ്ങളിൽ ആഞ്ഞടിച്ച ചുഴലിക്കൊടുങ്കാറ്റിൽ അനേകം ഗ്രാമങ്ങൾ നാമാവശേഷമായപ്പോൾ 12.5 ലക്ഷം രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് ജമാഅത്ത് അവിടെ നടത്തിയത്. ജമാഅത്ത് പുനരധിവാസമേറ്റെടുത്ത ഗ്രാമങ്ങളിൽ 165 ഹരിജന കുടുംബങ്ങളുള്ള ബഡോഗ്രോടി ഗ്രാമവും 824 ഹരിജൻ കുടുംബങ്ങളുള്ള ലിംഗറെഡ്ഡിനുപാലയുമടക്കം 12 ഹരിജൻ ഗ്രാമങ്ങൾ ഉൾപെട്ടിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ലിംഗറെഡ്ഡിപാലയിലെ ഹരിജനങ്ങളുടെ ആവശ്യപ്രകാരം 4 ഹരിജൻ അനാഥകളുടെ സംരക്ഷണം ജമാഅത്ത് ഏറ്റെടുത്തു. മാത്രമല്ല ഹരിജൻ ബാലന്മാരുടെ സംരക്ഷണം ഏറ്റെടുത്തവരിൽനിന്ന് അവരെ വിദ്യാഭ്യാസം ചെയ്യിക്കുമെന്നും മരണശേഷം സ്വത്തിന്റെ 10 ശതമാനം നൽകുമെന്ന് കരാർ എഴുതിക്കുകയുമുണ്ടായി. അതുപോലെ ഹരിജൻ ബാലികമാരുടെ സംരക്ഷണം ഏറ്റെടുത്തവരിൽനിന്ന് അവരെ പ്രായപൂർത്തിയായാൽ വിവാഹം ചെയ്യിക്കുമെന്നും തദവസരം 10,000 രൂപ നൽകുമെന്നുമുള്ള കരാറും വാങ്ങിയിരുന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ ഇത്തരം മാനുഷിക പ്രവർത്തനങ്ങളെ മഞ്ഞക്കണ്ണോടെ കാണുന്നവരുമുണ്ട്. ജമാഅത്ത് വിരോധം രക്തത്തിൽ അലിഞ്ഞുചേർന്ന ചില മാർകിസ്റ്റുകളും സെക്കുലരിസ്റ്റുകളും വർഗീയ ഫാഷിസ്റ്റുകളും സെക്കുലരിസ്റ്റുകളും മതപരിവർത്തന ശ്രമത്തിന്റെയും മുസ്‌ലിംകളെ ആയുധ സജ്ജരാക്കുവാനുള്ള ശ്രമത്തിന്റെയും ഭാഗമായി ഇത്തരം പ്രവർത്തനങ്ങളെ പലപ്പോഴും ചിത്രീകരിച്ചിട്ടുണ്ട്. ക്ഷീരമുള്ള അകിടിൻ ചുവട്ടിലും ചോരയന്വേഷിക്കുന്ന കൊതുകിന്റെ സ്വഭാവമെന്നേ ഇതിനെപ്പറ്റി പറയാനുള്ളൂ.